# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : * 248** **10.03.2017** ൽ മറുപടിയ്ക്ക്

## കമ്പനികളും സ്വകാര്യ വ്യക്തികളും കൈവശം വച്ചിട്ടുള്ള ഭൂമി

**ചോദ്യം**

**ശ്രീ.അബ്ദുൽ ഹമീദ് പി.**
**ശ്രീ.എൻ. ഷംസുദ്ദീൻ**
**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**
**ഡോ.എം. കെ. മുനീർ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കമ്പനികളും സ്വകാര്യവ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുള്ള തോട്ടം മേഖലയിലെ സർക്കാർ ഭൂമി തിരിച്ചെടുക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് കമ്പനികളും സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുള്ള തോട്ടം മേഖലയിലെ സർക്കാർ ഭൂമി തിരിച്ചെടുക്കണം എന്നതാണ് സർക്കാരിന്റെ നയം. അതിനായി സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ കേരള ഭൂസംരക്ഷണ നിയമപ്രകാരം നോട്ടീസ് നൽകി നടപടികളെടുത്തു വരുകയും ചെയ്യുന്നു. എന്നാൽ സ്പെഷ്യൽ ഓഫീസറുടെ നടപടിക്കെതിരെ കമ്പനികളും വ്യക്തികളും ഫയൽ ചെയ്ത വിവിധ കേസുകളിൽ തൽസ്ഥിതി തുടരുവാൻ ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ളതാണ്. |
| (ബി) | തോട്ടം മേഖലയിൽ ധാരാളം സർക്കാർ ഭൂമി, കമ്പനികളും സ്വകാര്യവ്യക്തികളും കൈവശം വച്ചിട്ടുള്ളതായി വ്യക്തമാക്കിക്കൊണ്ടുള്ള സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | സംസ്ഥാനത്ത് വിവിധ കമ്പനികളും സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശംവച്ചിരിക്കുന്ന തോട്ടം മേഖലയിലെ സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനു നിയോഗിച്ച സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ വിവിധ കമ്പനികൾ അനധികൃതമായി കൈവശം വയ്ക്കുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തു കൊണ്ട് 18 ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകൾക്കെതിരെ ഹാരിസൺസ് മലയാളം ഉൾപ്പെടെയുള്ള കമ്പനികളും മറ്റു കക്ഷികളും ഫയൽ ചെയ്ത വിവിധ കേസുകൾ വിശദമായ വാദം കേൾക്കുന്നതിനായി രണ്ടംഗ ഡിവിഷൻ ബഞ്ചിന് 'റഫർ' ചെയ്ത് 25/11/2015-ൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അതുപോലെ ട്രാവൻകൂർ റബ്ബർ&ടീ, ഹോപ് പ്ലാന്റേഷൻസ്, ബ്രൈമൂർ എസ്റ്റേറ്റ്, പീരുമേട് ടീ കമ്പനി തുടങ്ങിയവയ്ക്കെതിരായ സ്പെഷ്യൽ ഓഫീസറുടെ നടപടികളും ബഹു. ഹൈക്കോടതിയുടെ തൽസ്ഥിതി തുടരുവാനുള്ള ഉത്തരവുകൾ പ്രകാരം തൽക്കാലം തടസ്സപ്പെട്ടിരിക്കുകയാണ്. ടി കേസുകളിലെല്ലാം തന്നെ സർക്കാർ വിശദമായ കാര്യ വിവരണ പത്രികകൾ സമർപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ